"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - തിരുവനന്തപുരം , മുളയറ എൽ എം എൽ പി എസിലെ അറബിക് (പാർട്ട് ടൈം) അദ്ധ്യാപികയായ ശ്രീമതി . നാജിയമോൾക്ക് ശൂന്യവേതനാവധി - പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്

സ.ഉ.(സാധാ) നം.193/2022/പൊ.വി.വ തീയതി,തിരുവനന്തപുരം, 10/01/2022

---

പരാമർശം:-

1. തിരുവനന്തപുരം , മുളയറ എൽ എം എൽ പി എസിലെ അറബിക് ( പാർട്ട് ടൈം ) അദ്ധ്യാപികയായ ശ്രീമതി . നാജിയമോൾ - ന്റെ ശൂന്യവേതനാവധി അപേക്ഷ
2. 01/07/2020 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എഫ്1/3972/2020/ഡി.ജി.ഇ. നമ്പർ കത്ത്.
3. 13/9/2021 ലെ കാട്ടാകട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഡി/752/2020/എ.ഇ.ഒ നമ്പർ കത്ത്.
4. 05/11/2021 ലെ കാട്ടാകട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഡി/752/2020/എ.ഇ.ഒ നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

തിരുവനന്തപുരം , മുളയറ എൽ എം എൽ പി എസിലെ അറബിക് (പാർട്ട് ടൈം) അദ്ധ്യാപികയായ ശ്രീമതി. നാജിയമോൾ പരാമർശം 1 പ്രകാരം സമർപ്പിച്ച ശൂന്യവേതനാവധി അപേക്ഷ പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം 2 പ്രകാരം ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഈ വിഷയം നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും ബന്ധപ്പെട്ട ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ചു

3. ശ്രീമതി നാജിയാമോൾ ലഭ്യമാക്കിരിക്കുന്ന ലീവ് അപ്ലിക്കേഷനിൽ വിദേശത്തു മെഡിക്കൽ ട്രീറ്റ്മെന്റിനായിട്ടാണ് ടിയാരി 01.04.2020 മുതൽ 30.09.2020 വരെ (6 months)

അവധിക്ക് അപേക്ഷിച്ചിരുന്നത്. GO(MS) No. 253/2012 dtd 07.08.2012 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ casual ലീവും earned ലീവും ഇല്ലാത്തപക്ഷം 10 ദിവസം വരെ HPL നും മറ്റു ലീവുകളുടെ അഭാവത്തിൽ 30 ദിവസം വരെ ശൂന്യവേതനാവധിയും മാത്രമേ പാർട്ട് ടൈം അധ്യാപകർക്ക് അനുവദനീയമായിട്ടുള്ളു. ശ്രീമതി . നാജിയമോൾ എച്ച് 01/04/2020 മുതൽ 30/09/2020 വരെ ശൂന്യവേതനാവധി എടുത്തിട്ടുണ്ട് .അതായത് 30 ദിവസം വരെ മാത്രം ശൂന്യവേതനാവധി അനുവദനീയമായ പാർട്ട് ടൈം അധ്യാപികയായ ശ്രീമതി നാജിയാമോൾ 183 ദിവസം ശൂന്യവേതനാവധി എടുത്തിട്ടുണ്ട്.

4. കാട്ടാക്കട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പരാമർശം 4 കത്ത് പ്രകാരം മുളയറ എൽ.എം എസ്.എൽ.പി സ്കൂളിലെ അറബി (പാർട്ട്ടൈം) അദ്ധ്യാപികയായ ശ്രീമതി. നാജിയാമോൾ. എച്ച് 01/04/2020 മുതൽ 30/09/2020 വരെ ശൂന്യവേതനാവധി എടുത്തശേഷം 01/10/2020 ന് സർവ്വീസിൽ തിരികെ പ്രവേശിച്ചു എന്ന വിവരം അറിയിച്ചിട്ടുണ്ട്.

5. ഇതൊരു കീഴ്വഴക്കം ആക്കരുതെന്ന വ്യവസ്ഥയിൽ ഒരു പ്രാവശ്യത്തേക്കു മാത്രം 07/08/2012 ലെ ജി ഒ(എം എസ്)നം.253/2012/ പൊ വി വ ഉത്തരവിൽ ഇളവ് വരുത്തി ശ്രീമതി നാജിയാമോൾക്ക് 183 ദിവസം ശൂന്യവേതനാവധിക്ക് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. അവധി സംബന്ധിച്ച വിവരങ്ങൾ ടിയാളുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
അണ്ടർ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കാട്ടാക്കട

വിദ്യാഭ്യാസ ഉപ ഡയറക്ടർ, തിരുവനന്തപുരം.

ശ്രീമതി . നാജിയമോൾ, അറബിക് ( പാർട്ട് ടൈം )അദ്ധ്യാപിക, മുളയറ എൽ എം എൽ പി എസ്, തിരുവനന്തപുരം

ഹെഡ്മാസ്റ്റർ, എൽ.എം.എസ്. എൽ.പി.എസ്, മുളയറ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by Mini.t.r.
Date: 10-01-2022 12:55:27
Reason: Approved

സെക്ഷൻ ഓഫീസർ